പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2655 **28-10-2026-ൽ മറുപടിയ്ക്ക്**

വന്യജീവി ആക്രമണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവി ആക്രമണം മൂലം എത്ര പേരാണ് അപകടത്തിൽപ്പെട്ടതെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (18/05/2026 മുത ൽ 20/10/2026 വരെ) വന്യജീവി ആക്രമണത്തിൽ 16 പേർ മരണപ്പെട്ടിട്ടുണ്ട്. മേൽ പറഞ്ഞത് കൂടാതെ വനത്തിന് പുറത്ത് ജനവാസ മേഖലയിൽ പാമ്പ് കടിയേറ്റ് 12 പേരും മരണപ്പെട്ടിട്ടുണ്ട്. 729 പേർക്ക് വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ